[Mr. P. Kumaran Ezhuthassan]

ഗൌരവമെന്താണെന്നും ഇന്നത്തെ ഗവണ്മെൻറിനു മനസ്സിലായിട്ടുണ്ടോ എന്നാണു ചോദിക്കുന്നതു്. Gravity for the offence and the seriousness and the sublimity for the hoisting.

റവന്യൂമന്ത്രി ടി. കെ. നായർ: പറയുവാനുള്ള മറുപടി ഞാൻ പറഞ്ഞു. ക്ഷാംബാധ കൊണ്ടുപോയതായാലും അതിനുമുമ്പുകൊണ്ടുപോയതായാലും കൊണ്ടുപോകുന്നതിന്റെ ഗൌരവത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. അതു വല്ല കുട്ടികളോ മറ്റോ എടുത്തുകൊണ്ടുപോയതായിരിക്കുമെന്നാണു തോന്നുന്നതു്. ഏതായാലും ആളെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

Mr. President : In my view the question has been sufficiently answered and in view of the other important questions we will pass on to the next question.

PUBLIC SERVICE COMMISSION—COMMUNAL REPRESENTATION—INFORMATION REGARDING

150. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) സർവ്വീസ് കമ്മീഷണിൽ സവർണ്ണഹിന്ദുക്കൾ, ഈഴവൻ, മുസ്ലീമിങ്ങൾ കത്തോലിക്കർ എന്നീ സമുദായ വിഭാഗങ്ങളിൽപെട്ട അംഗങ്ങളുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതു സമുദായത്തിൽനിന്നു്;

(സി) ആ സമുദായത്തിനു കൊച്ചിയിലുള്ള ജനസംഖ്യാബലം എത്ര;

(ഡി) അവർ കൊച്ചിയിലെ ജനസംഖ്യയിൽ എത്ര ശതമാനം വരുന്നുണ്ടു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) & (ബി) സവർണ്ണഹിന്ദുക്കൾ, ഈഴവർ എന്നീ സമുദായങ്ങളിൽപെട്ട അംഗങ്ങൾ പബ്ലിക്കു് സർവ്വീസു് കമ്മീഷനിൽ ഇപ്പോൾ ഉണ്ടു്.

(സി) & (ഡി) ൧൯൪൧-ലെ സെൻസസ്സുപ്രകാരം

	ജനസംഖ്യ	ആകെ ജനസംഖ്യയുടെ എത്ര ശതമാനം എന്നു്
മുസ്ലീം	൧,൦൯,൭൫൭	൭·൩൫
കത്തോലിക്കർ	൩,൪൯,൨൩൯	൨൪·൪

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: സർവ്വീസ്സുകമ്മീഷനിൽ സവർണ്ണഹിന്ദുക്കൾ, ഈഴവർ ഈ സമുദായങ്ങളിൽ പെട്ടവരുണ്ടെന്നു പറഞ്ഞു. മറ്റു സമുദായങ്ങളിൽപെട്ടവർ ആരെങ്കിലുമുണ്ടോ? അതോ കമ്മീഷനിലുള്ള മറ്റുള്ളവരും ഈ സമുദായങ്ങളിൽതന്നെ പെട്ടവരാണോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അല്ല. ക്രിസ്ത്യൻസമുദായത്തിൽനിന്നു് ഒരാളുണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ക്രിസ്ത്യൻസമുദായത്തിലെ ഏതു വിഭാഗത്തിൽ പെട്ട ആളാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പ്രൊട്ടസ്റ്റൻറ് ആണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ആ സമുദായത്തിന്റെ കൊച്ചിയിലെ ജനസംഖ്യ എത്ര?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ ജോസ് കെ. വട്ടീസ്: കത്തോലിക്കർക്കു ഒരു പ്രതിനിധിയെ കൊടുക്കാത്തതെന്താണു്; അവർക്കു വിപ്ലവമനഃസ്ഥിതി ഇല്ലാത്തതുകൊണ്ടാണോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അല്ല.

മിസ്റ്റർ ജോസ് കെ. വട്ടീസ്: എന്തുകൊണ്ടു പിന്നെ കത്തോലിക്കർക്കു കൊടുത്തില്ല?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: എല്ലാ സമുദായങ്ങൾക്കും പ്രാതിനിദ്ധ്യം കൊടുക്കാൻ തുടങ്ങിയാൽ പബ്ലിക്കു് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ വളരെ അധികം.

മിസ്റ്റർ ജോസ് കെ. വട്ടീസ്: മറ്റു പ്രധാന സമുദായങ്ങളെപ്പോലെതന്നെ പ്രാധാന്യമുള്ള കത്തോലിക്കാസമുദായത്തെ അവഗണിക്കാൻ കാരണമെന്താണു്?

Mr. K. Balakrishna Menon *(Minister for Food and Education)*: I would request the Hon'ble Member to repeat the question, because in the welter of questions coming, I didn't hear it.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കൊച്ചിയിലെ ജനസംഖ്യയിൽ $\frac{1}{4}$ ഭാഗംവരുന്ന ഒരു സമുദായത്തിൽനിന്നു Efficient-ആയ ഒരാളെ കണ്ടുകിട്ടിയില്ലെന്നാണോ പറയുന്നതു?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അങ്ങിനെ അർത്ഥമില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കത്തോലിക്കാസമുദായത്തിൽനിന്നു Efficient-ആയ ഒരാളെയെങ്കിലും കണ്ടുപിടിക്കുവാൻ ഗവണ്മെണ്ടിനു കഴിഞ്ഞില്ലെന്നാണോ ഞങ്ങൾ അനുമാനിക്കേണ്ടതു?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അങ്ങിനെ അനുമാനിക്കാൻ വഴിയില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പിന്നെ എഫിഷ്യൻറായ ആളുകളെയാണു തിരഞ്ഞെടുത്തതു എന്നു പറഞ്ഞതിന്റെ അർത്ഥമെന്താണു?

Mr. K. Balakrishna Menon *(Minister for Food and Education)* : Perhaps it may be I didn't use the happiest expression. All things taken and considered we have appointed these gentlemen.

മിസ്സിസ് കെ. എം. ജോർ. മേനോൻ: സബ്സ്റ്റാന്റിയലായിട്ടുള്ള ജനസംഖ്യയിൽ ഇത്ര ശതമാനമാണു ഉദ്യോഗമെന്നു വെച്ചിട്ടുണ്ടല്ലോ? അതിൽ സ്ത്രീകളുടെ അപേക്ഷകളുണ്ടെങ്കിൽ അവർക്കു കൊടുത്തതിനുശേഷമേ മറ്റുള്ളവർക്കു കൊടുക്കുകയുള്ളുവെന്നു ഒരു നിയമം വയ്ക്കുമോ? എന്തെന്നാൽ നമ്പൂതിരിസ്ത്രീകളിലും നായർ സ്ത്രീകളിലും വളരെ കുറച്ചാളുകൾ മാത്രമേ ഇന്നു സ്റ്റേറ്റ്സർവ്വീസിലുള്ളൂ. അവർക്കു Preference കൊടുക്കണമെന്നാണു ഞാൻ പറയുന്നതു.

Mr. K. Balakrishna Menon *(Minister for Food and Education)*: That suggestion will be noted.

മിസ്റ്റർ കെ. എസ്. പണിക്കർ: പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേക്കു തിരഞ്ഞെടുത്ത മെമ്പർമാരുടെ എഫിഷ്യൻസി ഏതുവിധത്തിലാണു ഗവണ്മെണ്ടു പരിശോധിച്ചറിയുന്നതു?

Mr. K. Balakrishna Menon *(Minister for Food and Education)*: I confess my inabi ity to say what exactly the standard or instrument with which this efficiency was measured when the appointments were made.

മിസ്റ്റർ കെ. എസ്. പണിക്കർ: സ്റ്റാഫ് സെലക്ഷൻ ബോർഡായിരുന്ന കാലത്തു അതിലുണ്ടായിരുന്ന കൺസ്ട്രക്ടീവ് മെമ്പർ ഏതു വിഭാഗത്തിൽ പെട്ട ആളായിരുന്നു?

റാവുസാഹിബു് എ. മാധവപ്രഭു: മാത്തോമ ആണു്.

മിസ്റ്റർ കെ. എസ്. പണിക്കർ: കത്തോലിക്കാസമുദായത്തിൽത്തന്നെ എഫിഷ്യൻറായ ഒരാളെ പബ്ലിക്ക് സർവ്വീസ്കമ്മീഷനിലേക്കു കിട്ടിയില്ലെന്നാണോ ഗവണ്മെണ്ടു പറയുന്നതു; ഇനിയെങ്കിലും വലിയൊരു സമുദായത്തിന്റെ അവകാശത്തെ അവഗണിക്കാതെയിരിക്കാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ: അവഗണിക്കാറില്ല.

Mr. K. Balakrishna Menon *(Minister for Food and Education)* : Absolutely not. I request the House may not have any such impression. I never meant it.

മിസ്റ്റർ സി. ജോർ. ഈയ്യണ്ണി: പബ്ലിക്സർവ്വീസ് കമ്മീഷനിലെ ഒരംഗമല്ലേ മിസ്റ്റർ ജേക്കബ് വക്കീൽ?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ സി. ജോർ. ഈയ്യണ്ണി: അദ്ദേഹം വക്കീലാണോ?

റാവുബഹദൂർ ടി. കെ. നായർ: അതേ.

മിസ്റ്റർ സി. ജോർ. ഈയ്യണ്ണി: എത്രകൊല്ലത്തെ സർവ്വീസുണ്ടു?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസുവേണം. കുറച്ചുകാലത്തെ പ്രാക്ടീസുള്ള ആളാണെന്നറിയാം.

മിസ്റ്റർ സി. ജോർ. ഈയ്യണ്ണി: അദ്ദേഹത്തേക്കാൾ കൂടുതൽ സർവ്വീസുള്ള വക്കീലന്മാർ കത്തോലിക്കസമുദായത്തിലില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടു്.

മിസ്റ്റർ സി. ജോർ. ഈയ്യണ്ണി: കത്തോലിക്കരുടെ ജനസംഖ്യ മറ്റു ക്രിസ്ത്യൻസമുദായങ്ങളെ അപേക്ഷിച്ചു കൂടുതലല്ലേ?

റാവുബഹദൂർ ടി. കെ. നായർ: അതെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആ നിലയ്ക്കു സപ്ലീസ്സ് കമ്മീഷനിൽ പ്രാതിനിദ്ധ്യം കൂടുതൽ കിട്ടാൻ അവകാശമുള്ളതു് കത്തോലിക്കസമുദായത്തിനല്ലേ?

റാവുബഹദൂർ ടി. കെ. നായർ: അതു ശരിയാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അപ്പോൾ അതൊക്കെ അവഗണിച്ചു വെറും ൪ കൊല്ലത്തെ പ്രാക്ടീസുള്ള ഒരാൾക്കു കൊടുക്കാൻ കാരണമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: അവഗണിച്ചിട്ടുണ്ടായിരിക്കാമെന്നാണെങ്കിൽ അതു സമ്മതിക്കാം. എന്നാൽ ഒരാളെ ഒരു ഉദ്യോഗത്തിൽവെച്ചാൽ ആ ആളേക്കാൾ കൂടുതൽ ക്വാളിഫിക്കേഷനും സപ്ലീസ്സുമുള്ളവർ വേറെ ഇല്ലേ എന്നു ചോദിച്ചാൽ ഇല്ലെന്നു മറുപടി പറഞ്ഞാൽ അതു ബുദ്ധിശൂന്യത ആയിരിക്കും. ഒരുദ്യോഗത്തിനു് ഒരു സെലക്ഷൻ വന്നു. അതിൽ ഈ ആളാണു പെട്ടതെന്നേയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: കത്തോലിക്കാസമുദായത്തിന്റെ അവകാശം അവഗണിച്ചില്ലെന്നു പറഞ്ഞു. അതാലോചിച്ചു പറഞ്ഞതാണോ?

റാവുബഹദൂർ ടി. കെ. നായർ: ഒരുദ്യോഗത്തിൽ ഒരാളെ വെയ്ക്കാനെ നിവൃത്തിയുള്ളൂ. അങ്ങിനെ ഒരാളെ വെച്ചതുകൊണ്ടു മറ്റു സമുദായങ്ങളുടെ ഒക്കെ അവകാശം അവഗണിച്ചുവെന്നു പറഞ്ഞാലെന്താണർത്ഥം?

Mr. P. A. Mohamed Ashroff *(Cranganur)*: Is it not a fact that the Service Commission and members were appointed by His Highness, or was it by the Government?

Rao Bahadur T. K. Nayar *(Prime Minister)*: They were appointed by His Highness.

Mr. M. Sivarama Menon *(Constitutional Adviser)*: The Act itself makes provision for that. It is a matter within the discretion of His Highness.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: How are we to view, Sir, that as far as this special appointment provided to be made by His Highness in contra-distinction to other appointments, is it the idea that due communal representation must be given in this small body of three persons, is it the idea, or the best persons from whichever community they may come, competent for the purpose for which alone the Service Commission is appointed what is the idea?

Rao Bahadur T. K. Nayar *(Prime Minister)*: His Highness who is the custodian of the interests of all communities in the State will take all aspects into consideration and appoint the members of the Commission.

Mr. S. P. Luiz *(Nominated)*: May I know who has recommended the appointment of these persons?

Rao Bahadur T. K. Nayar *(Prime Minister)*: The appointment is in His Highness' discretion.

Mr. S. P. Luiz *(Nominated)*: When the legitimate grievances of a community are expressed here, will that be looked into, that is the issue now before the House.

Rao Bahadur T. K. Nayar *(Prime Minister)*: All the discussions in this House will be noted by His Highness.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ഈ ജേക്കബ്ബ് വള്ളീസ് കൊച്ചീക്കാരനാണൊ?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ കെ. എസ് പണിക്കർ: ഈ നിയമനവേളയിൽ കത്തോലിക്കസമുദായത്തിൽപ്പെട്ടവർ കാണേണ്ടവരെ കണ്ടില്ലെന്നാണൊ ഞങ്ങൾ കണക്കാക്കേണ്ടതു്?

റാവുബഹദൂർ ടി. കെ. നായർ: ഈ Appointment-നു അവകാശം കത്തോലിക്കസമുദായത്തിനാണെന്നു വിശ്വസിക്കുന്നവർക്കു വേണമെങ്കിൽ അങ്ങിനെ ധരിക്കാം.

Mr. President: There is no need for such a question. It is only a suggestion.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പബ്ലിക്കു് സപ്ലീസ് കമ്മീഷനിലെ ഒരുദ്യോഗം വെറൊരുദ്യോഗം മാത്രമല്ലെന്നും അതു ഉദ്യോഗത്തിൽ ആളുകളെ നിയമിക്കാൻ അധികാരമുള്ള ഒരുദ്യോഗമാണെന്നും ഗവൺമെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അറിയാം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മിസ്റ്റർ മാധവപണിക്കരെ ചുമ്മാരുടെ അവകാശത്തെ അവഗണിച്ചുകൊണ്ടു കൂടുതൽ ശമ്പളത്തിൽ നിയമിച്ചതുകൊണ്ടു് ആ ശമ്പളം മിസ്റ്റർ ചുമ്മാ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷം കൊടുത്തുവെന്നു പറഞ്ഞതുപോലെ കത്തോലിക്കസമുദായത്തിന്റെ അവകാശം അവഗണിച്ചുനിലയ്ക്കു് അവക്കു് അതിനുള്ള നഷ്ടം കൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ ഉദ്യോഗത്തിനുള്ള മാത്രമേ ശുപാർശ നിശ്ചയിച്ചിട്ടുള്ളൂ. അല്ലാതെ സമുദായങ്ങൾക്കു് ശുപാർശ നിശ്ചയിച്ചിട്ടില്ലാത്ത സ്ഥിതിക്കു് ഒരു സമുദായത്തിനു ശുപാർശ കൊടുക്കണമെന്നു പറഞ്ഞാൽ അതു സാദ്ധ്യമല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: എല്ലാ പ്രധാനപ്പെട്ട സമുദായങ്ങൾക്കും പ്രാതിനിദ്ധ്യം സർവ്വീസ് കമ്മീഷനിൽ വേണമെന്ന ഒരു നയം ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇതുകൊണ്ടു മൂന്നാളുകളേ സർവ്വീസ്കമ്മീഷനിൽ ഉള്ളൂ. അതു നിലയ്ക്കു് എല്ലാ സമുദായങ്ങൾക്കും പ്രാതിനിദ്ധ്യം കൊടുക്കാൻ സൌകര്യമില്ലെന്നുമാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ കെ. കെ. കണ്ണൻ: അങ്ങിനെയാണെങ്കിൽ അധികൃതർക്കു് ഒരു സിറ്റു് സർവ്വീസുകമ്മീഷനിൽ കിട്ടാൻ അവകാശമില്ലേ?

റാവുബഹദൂർ ടി. കെ. നായർ: അവക്കു കിട്ടേണ്ടതാണു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഉദ്യോഗം മുന്നേയുള്ളൂ. സമുദായക്കാർ പലതുമുണ്ടു്. അതുകൊണ്ടു റൊട്ടേഷൻവെച്ചു കൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: അതു് ഒരു സജ്ഷനാണു്. ആലോചിക്കാം.

മിസ്സിസ് ടി. ഫ്രാൻസിസ്: ഇതിൽ സ്ത്രീകൾ വല്ലവരും ഉണ്ടോ? ഇല്ലെങ്കിൽ അവരുടെ കാര്യംകൂടി ആലോചിച്ചു് ഒരു സ്ത്രീയെകൂടി ഉൾപ്പെടുത്താമോ?

റാവുബഹദൂർ ടി. കെ. നായർ: അതും ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കമ്മീഷണറെ നിയമിക്കുന്നതിൽ എന്തെല്ലാം കാര്യങ്ങളാണു പരിഗണനാർഹങ്ങളായിട്ടുള്ളതു് എന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഗവണ്മെന്റിനു പറയാൻ നിവൃത്തിയില്ല.

മിസ്സിസ് കെ. എം. ജോർ. മേനോൻ: എല്ലാ സമുദായങ്ങൾക്കും എല്ലാ ജോലിയും കിട്ടുമെങ്കിൽ സ്ത്രീസമുദായത്തിനും എല്ലാ ജോലിയും കിട്ടേണ്ടതല്ലേ? എന്തുകൊണ്ടു് ഗവണ്മെന്റു് അതു വിചാരിക്കുന്നില്ല?

റാവുബഹദൂർ ടി. കെ. നായർ: ഒരു മാതിരി ഉദ്യോഗങ്ങളൊക്കെ അവക്കു കൊടുക്കുന്നുണ്ടു്. മിക്ക ജോലികളിലും ഇപ്പോൾ സ്ത്രീകളാണു്. ഏതു ജോലിയിലാണു് അവരെ അവഗണിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ അതിൽ പ്രത്യേകം മനസ്സുവെക്കാം.

PUBLIC WORKS—DISCONTINUANCE OF

151. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ.—

(എ) സ്ഥാനമൊഴിഞ്ഞ പൊതുമരാമത്തുമന്ത്രി ആരംഭിച്ചു എതെല്ലാം മരാമത്തു പണികളാണു് ഗവണ്മെന്റു് തുടർന്നു നടത്തേണ്ട എന്നു തീരുമാനിച്ചിട്ടുള്ളതു്;

(ബി) അപ്രകാരം തീരുമാനിക്കുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഗവണ്മെന്റു് അപ്രകാരം ഒരു തീരുമാനവും എടുത്തിട്ടില്ല.

(ബി) (എ)യുടെ ഉത്തരം നോക്കുക.

MAHARAJA'S TECHNOLOGICAL INSTITUTE—APPOINTMENTS IN

152. Mr. Paramel Ipe Ipe (*Kunnamkulam*): Will Government be pleased to state.—

(*a*) which are the new appointments made in the Maharaja's Technological Institute, Trichur from Karkadagam 1122;

(*b*) whether applications for the above post have been advertised for;

(*c*) what are the qualifications required as advertised for;

(*d*) whether all the appointed persons are possessed of those qualifications advertised for?

Mr. K. Balakrishna Menon (*Minister for Food and Eduction*):

(*a*) (*i*) Instructor on Rs. 150—200 .. 1

(*ii*) Technical Instructor on Rs. 100—150 .. 3

(*iii*) Workshop Assistant Instructors on Rs. 40—60 .. 2

(*b*) Yes; for the posts of Instructors and Technical Instructors.

(*c*) (*i*) For Instructors—B.E. (Electrical or Mechanical—Madras)

LIBRARY ARCHIVES Kerala Legislative Assembly